**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** **09-06-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ദെലീമ | | Shri K. Radhakrishnan<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ആരോഗ്യ സംരക്ഷണ പദ്ധതികൾ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനമൊട്ടാകെ 16 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻ സറികളും പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. പട്ടികവർഗ വികസന വകുപ്പിനു കീഴിൽ 4 ANM സെന്ററുകൾ പ്രവർത്തിക്കുന്നു. (Auxilary Nurse & Mid-wifery Centre) ആംബുലൻസ് സേവനം പട്ടികവർഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ വയനാട് ജില്ലയിൽ 6 ആംബുലൻസുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കായി ആരംഭിച്ച മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) മുഖേന സംസ്ഥാനമൊട്ടാകെ 2017-18 മുതൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ വകുപ്പ് നേരിട്ടു നടത്തുന്ന 2 മൊബൈൽ മെഡിക്കൽ യൂണിറ്റും ഉണ്ട്. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എല്ലാ ദിവസങ്ങളിലും ഓരോ കോളനികൾ സന്ദർശിച്ച് ചികിത്സാ വിധികൾ നിശ്ചയിച്ച് മരുന്ന് നൽകുന്നതും |

| | | | |
|---|---|---|---|
| | | | വിദഗ്ധ ചികിത്സ ആവശ്യമായവർക്ക് താലൂക്ക് ജില്ലാ ആശുപത്രികൾ വഴി ചികിത്സ ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. കോവിഡ്-19 ന്റെ പ്രതിരോധ വാക്സിനേഷൻ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ എത്തിക്കുന്നതിനായി ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം കൂടി പരിഗണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പട്ടികവർഗ്ഗ മേഖലകളിൽ കോവിഡ് രോഗവ്യാപനം തടയുന്നതിനും ഇതുസംബന്ധിച്ച് അവബോധം നൽകുന്നതിനും ആരോഗ്യ വകുപ്പുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | പട്ടികവർഗ്ഗ മേഖലകളിൽ കോവിഡ് രോഗ വ്യാപനം തടയുന്നതിന്റെ ഭാഗമായി വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങൾ കോവിഡ് 19 രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ പ്രത്യേക സെൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനികളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്. എന്നിവയുമായി ചേർന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വിപുലമായ ബോധവൽക്കരണം നടത്തി വരുന്നു. കോവിഡ് 19-മായി ബന്ധപ്പെട്ട് പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നു. കൂടാതെ ഗോത്രഭാഷയിലുള്ള ലഘുലേഖകളും, ഹ്രസ്വ ചിത്രങ്ങളും ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. ആരോഗ്യ പ്രവർത്തനങ്ങൾ നിലവിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ എന്നിവ വകുപ്പിന്റെ ഫീൽഡ് തല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഊർജ്ജിതമായി നടന്നു വരുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ വകുപ്പിന്റെ നേതൃത്വത്തിൽ മാസ്ക് വിതരണം, വാക്സിൻ രജിസ്ട്രേഷന് ആവശ്യമായ സഹായങ്ങൾ, കോളനികളിൽ ശുദ്ധജലം ലഭ്യമാക്കൽ, ഭക്ഷ്യ ധാന്യങ്ങളുടെ വിതരണം, മരുന്നുകളുടെ വിതരണം എന്നിവ നടത്തിവരുന്നു. ഇതോടൊപ്പം ഫുഡ് & ന്യൂട്രീഷൻ സപ്പോർട്ട് പദ്ധതിയും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ CFLTC, DCC തുടങ്ങിയ കേന്ദ്രങ്ങളാക്കുന്നതിന് വിട്ടുനൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വ്യാജ മദ്യത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും മറ്റും എക്സൈസ്/ പോലീസ്/വനം എന്നീ വകുപ്പുകളുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ